**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3046 07.11.2019 ൽ മറുപടിക്ക്**

## പൈങ്കുളം റെയിൽവേ മേൽപ്പാലം

**ചോദ്യം**
**ശ്രീ.യു. ആർ. പ്രദീപ്**

**മറുപടി**
**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) തിരുവനന്തപുരം റെയിൽവേ ഡിവിഷനുകീഴിലെ വള്ളത്തോൾ നഗർ റെയിൽവേ സ്റ്റേഷനും ഷൊർണ്ണൂർ ജംങ്ഷൻ റെയിൽവേ സ്റ്റേഷനും ഇടയിലുള്ള പൈങ്കുളം റെയിൽവേ മേൽപ്പാലം നിർമ്മാണനടപടികളുടെ പുരോഗതി എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തികരിച്ച് പൈങ്കുളം മേൽപ്പാലം നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

(എ) & (ബി) വള്ളത്തോൾ നഗർ റെയിൽവേ സ്റ്റേഷനും ഷൊർണ്ണൂർ ജംങ്ഷൻ റെയിൽവേ സ്റ്റേഷനും ഇടയിലുള്ള പൈങ്കുളം റെയിൽവേ ഗേറ്റിനു പകരമായി ഉദ്ദേശിക്കുന്ന മേൽപ്പാലത്തിന്റെ ജി.എ.ഡി (ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ്) അനുമതിയ്ക്കായി റെയിൽവേക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ആർ.ഒ.ബി.യുടെ നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുപ്പിന് റവന്യൂ വകുപ്പിന്റെ ഭരണാനുമതി നൽകിയിട്ടുണ്ട്. റെയിൽവെയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**